# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/236/2017 2017 നവംബർ 09

## പത്രക്കുറിപ്പ്

### അപേക്ഷാ തീയതി

നാലാം വർഷ ബി.എസ്.സി. നഴ്സിംഗ് (2013 അഡ്മിഷൻ റഗുലർ & 2008 – 2012 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ നവംബർ 24 മുതൽ ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ നവംബർ 15 വരെയും 50 രൂപ പിഴയോടെ 16 വരെയും 500 രൂപ സൂപ്പർഫൈനോടെ 18 വരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർത്ഥികൾ 100 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 20 രൂപ വീതവും സി.വി. ക്യാമ്പ് ഫീസായി പരീക്ഷാ ഫീസിനു പുറമെ അടയ്ക്കണം.

മൂന്നാം വർഷ ബി.എസ്.സി. എം.ആർ.ടി. (2014 അഡ്മിഷൻ റഗുലർ & 2014ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ നവംബർ 24ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ നവംബർ 14 വരെയും 50 രൂപ പിഴയോടെ 15 വരെയും 500 രൂപ സൂപ്പർഫൈനോടെ 17 വരെയും സ്വീകരിക്കും.

### പ്രൈവറ്റ് രജിസ്ട്രേഷൻ യു.ജി. പരീക്ഷകൾക്കു മാറ്റം

മഹാത്മാഗാന്ധി സർവ്വകലാശാല നവംബർ 13 മുതൽ 24 വരെ നടത്താൻ നിശ്ചയിച്ചിരുന്ന ഒന്നും രണ്ടും സെമസ്റ്റർ പ്രൈവറ്റ് രജിസ്ട്രേഷൻ യു.ജി. പരീക്ഷകൾ മാറ്റിവച്ചു. മറ്റു പരീക്ഷകളെല്ലാം മുൻ നിശ്ചയപ്രകാരം തന്നെ നടത്തുന്നതാണ്.

### ഡോക്ടറൽ കമ്മിറ്റി

2017 അക്കാദമിക വർഷത്തിൽ ബോട്ടണിയിൽ ഗവേഷണത്തിനായി അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ ഡോക്ടറൽ കമ്മിറ്റി നവംബർ 14ന് രാവിലെ 11 മണിക്ക് സർവ്വകലാശാലാ ക്യാമ്പസിലുള്ള സ്കൂൾ ഓഫ് ലെറ്റേഴ്സിൽ വെച്ചു നടത്തുന്നതാണ്. അഭിമുഖത്തിന് പങ്കെടുക്കുന്നതിനോ അപേക്ഷ നിരസിച്ചുകൊണ്ടുള്ളതോ ആയ അറിയിപ്പുകൾ ലഭിക്കാത്തവർ സർവ്വകലാശാലാ ഗവേഷണ സെക്ഷനുമായി ബന്ധപ്പെടേണ്ടതാണ്.

### എം.എഫ്.എ. പ്രാക്ടിക്കൽ

2017 ജൂലൈയിൽ നടത്തിയ ഒന്നും രണ്ടും വർഷ എം.എഫ്.എ. (പ്രീവിയസ് & ഫൈനൽ, റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജ് കേന്ദ്രത്തിൽ വച്ച് നവംബർ 20 മുതൽ ഡിസംബർ 8 വരെ നടത്തും.

### ബി.എസ്.സി. സൂക്ഷ്മപരിശോധന

2017 മാർച്ചിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എസ്.സി. (സി.ബി.സി.എസ്.എസ്.) പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് (സ്ക്രൂട്ടിനി) അപേക്ഷിച്ചിട്ടുള്ളവർ നവംബർ 13, 14, 15 തീയതികളിൽ തിരിച്ചറിയൽ രേഖകൾ സഹിതം സർവ്വകലാശാലയിലെ പുതിയ പരീക്ഷാഭവനിൽ 226-ാം നമ്പർ മുറിയിൽ ഹാജരാകണം.

## പരീക്ഷാഫലം

2017 ജനുവരിയിൽ നടത്തിയ ഒന്നും, അഞ്ചും, 2016 ഡിസംബറിൽ നടത്തിയ മൂന്നും സെമസ്റ്റർ ഡി.ഡി.എം.സി.എ. ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 22 വരെ അപേക്ഷിക്കാം.

2017 മാർച്ചിൽ നടത്തിയ ഏഴാം സെമസ്റ്റർ ബി.എച്ച്.എം. (റഗുലർ & സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 22 വരെ അപേക്ഷിക്കാം.

## സി.ബി.സി.എസ്.എസ്. യു.ജി. മൂല്യനിർണ്ണയം

2017ൽ നടത്തിയ രണ്ടും മൂന്നും അഞ്ചും സെമസ്റ്റർ സി.ബി.സി.എസ്.എസ്. യു.ജി. പരീക്ഷകളുടെ മൂല്യനിർണ്ണയം നവംബർ 13ന് ആരംഭിക്കും. ബി.സി.എ പരീക്ഷകളുടെ മൂല്യനിർണ്ണയം കോട്ടയം, പത്തനംതിട്ട, തൃപ്പൂണിത്തുറ കേന്ദ്രങ്ങളിലും, ബി.ബി.എ. ചങ്ങനാശ്ശേരി, മൂവാറ്റുപുഴ കേന്ദ്രങ്ങളിലും, ബി.സി.എ. കമ്പ്യൂട്ടർ സയൻസ് ആലുവ, ചങ്ങനാശ്ശേരി കേന്ദ്രങ്ങളിലും ബി.എസ്.സി. ഇലക്ട്രോണിക്സ് ആലുവ, കോട്ടയം കേന്ദ്രങ്ങളിലും ബി.എസ്.സി. മൈക്രോ ബയോളജി ആലുവയിലും ബി.എസ്.സി. ഐ.ടി. തൃപ്പൂണിത്തുറയിലും ബി.എസ്.സി. ബയോടെക്നോളജി കോട്ടയത്തും ബി.എസ്.സി. ബയോ ഇൻഫർമാറ്റിക്സ് ആലുവയിലും ബി.ബി.എം. മൂവാറ്റുപുഴയിലും ബി.എസ്.ഡബ്ല്യു./ബി.റ്റി.എസ്. കോട്ടയത്തും ബി.എ ഇംഗ്ലീഷ് (ഡബിൾ മെയിൻ) ആലുവയിലും മൂല്യനിർണ്ണയം നടത്തുന്നതാണ്.

## ത്രിദിന അന്തർദ്ദേശീയ മെഡിസിൻ കോൺഫറൻസിന് ഇന്ന് തുടക്കം

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജിയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന ത്രിദിന അന്തർദ്ദേശീയ ക്ലിനിക്കൽ മെഡിസിൻ കോൺഫറൻസിന് ഇന്ന് (നവംബർ 10) തുടക്കമാകും. സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് സെമിനാർ ഹാളിൽ രാവിലെ 9 മണിക്കു നടക്കുന്ന ചടങ്ങിൽ വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ കോൺഫറൻസ് ഉദ്ഘാടനം ചെയ്യും. നൂറിലധികം പ്രശസ്ത മെഡിക്കൽ പ്രാക്ടീഷണർമാരും ശാസ്ത്രജ്ഞരും പങ്കെടുക്കും. കോൺഫറൻസിന്റെ ഭാഗമായി 'ഡൈനാമിക് ടച്ച്' ചികിത്സാ ക്യാമ്പും നടത്തുന്നതാണ്. വിവരങ്ങൾക്ക് ഫോൺ: 9747036236.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**